# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചിറ്റാർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ.പി.റ്റ.എ.പി4/547/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയതി: 12/07/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
ചിറ്റാർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചിറ്റാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറ്റാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ.പി.റ്റ.എ.പി4/547/21 തീയ്യതി: 12/07/2022

## പത്തനംതിട്ട ജില്ലയിലെ ചിറ്റാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ ചിറ്റാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. സ്നിഗ്ധ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 16-05-2022 | 26-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-05-2022 | 26-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രദീപ് കുമാർ എൻ,ഓഡിറ്റ് ഓഫീസർ
ശ്രീമതി.ദീപ എസ്,അസിസ്റ്റൻറ് ഓഡിറ്റ് ഓഫീസർ
കുമാരി.കാവ്യ കൃഷ്ണൻ,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി രവികല എബി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |

| | | | |
|---|---|---|---|
| ഭരണനിർവ്വഹണ സമിതി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീ സജി കുളത്തുങ്കൽ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ. ബാലചന്ദ്രൻ ഡി | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. കെ ബി സന്ധ്യ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 21-06-2020 |
| ശ്രീ. ദീപു റ്റി കെ | അസിസ്റ്റന്റ് സെക്രട്ടറി | 22-06-2020 | 31-03-2021 |
| ശ്രീമതി അനിതകുമാരി എം റ്റി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 26-02-2021 |
| ശ്രീമതി സരസ്വതി ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 27-02-2021 | 31-03-2021 |
| ഡോ. രാഹുൽ ആർ നായർ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ. സുജ എം എസ് | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ. ശ്രുതി ആർ എസ് | മെഡിക്കൽ ഓഫീസർ (ആയൂർവ്വേദം) | 01-04-2020 | 31-03-2021 |
| ശ്രീ. സജീഷ് കുമാർ ജെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. പ്രസന്ന | കൃഷി ഓഫീസർ | 01-04-2020 | 11-02-2021 |
| ശ്രീ. ജോണി മൈക്കിൾ | കൃഷി ഓഫീസർ( ഇൻ-ചാർജ്ജ്) | 12-02-2021 | 05-03-2021 |
| ശ്രീമതി. അരുണിമ എം എൻ | കൃഷി ഓഫീസർ | 06-03-2021 | 31-03-2021 |
| ശ്രീമതി. പ്രസന്ന പി എം | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-12-2020 |
| ശ്രീമതി. നിഷ ആനി ജോസഫ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-01-2021 | 31-03-2021 |
| ഡോ.ഷീന എബി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 10-02-2021 |
| ഡോ.ജോവി ജോൺ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 11-02-2021 | 31-03-2021 |
| ശ്രീ. സജി തോമസ് | പ്രഥമാദ്ധ്യാപകൻ, | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | ജി.എൽ.പി.എസ്, കുത്താട്ടുകുളം | | |
| ശ്രീ. ദീപു ഡി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: Deepa S (Asst. Audit Officer, On 22-05-2022)<br>Last Updated By: Johncy John (Computer Assistant, On 14-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Deepa S (Asst. Audit Officer, On 22-05-2022)<br>Last Updated By: Johncy John (Computer Assistant, On 17-06-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Deepa S (Asst. Audit Officer, On 22-05-2022)<br>Last Updated By: Johncy John (Computer Assistant, On 14-06-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Deepa S (Asst. Audit Officer, On 22-05-2022)<br>Last Updated By: Snigdha S (Deputy Director, On 17-06-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Deepa S (Asst. Audit Officer, On 22-05-2022)<br>Last Updated By: Johncy John (Computer Assistant, On 14-06-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Deepa S (Asst. Audit Officer, On 22-05-2022)<br>Last Updated By: Johncy John (Computer Assistant, On 14-06-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Deepa S (Asst. Audit Officer, On 22-05-2022)<br>Last Updated By: Johncy John (Computer Assistant, On 14-06-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Kavya Krishnan (Auditor, On 26-05-2022)<br>Last Updated By: N Pradeep Kumar (Audit Officer (HG), On 17-06-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Deepa S (Asst. Audit Officer, On 22-05-2022)<br>Last Updated By: N Pradeep Kumar (Audit Officer (HG), On 17-06-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റ് നടത്തിയിതിന്റെ വിവരം<br>Written By: Deepa S (Asst. Audit Officer, On 22-05-2022)<br>Last Updated By: Johncy John (Computer Assistant, On 14-06-2022) | 1-10 |
| 11 | പണം പിരിവ് - രസീത്ബുക്കുകളുടെ വിനിയോഗം സുതാര്യമല്ല<br>Written By: Kavya Krishnan (Auditor, On 27-05-2022)<br>Last Updated By: Snigdha S (Deputy Director, On 17-06-2022) | 1-11 |
| 12 | വസ്തുനികുതി കുടിശ്ശിക 24 ലക്ഷം - പിരിവിൽ ഉദാസീനത<br>Written By: Kavya Krishnan (Auditor, On 27-05-2022)<br>Last Updated By: Snigdha S (Deputy Director, On 17-06-2022) | 1-12 |
| 13 | തൊഴിൽനികുതി ഈടാക്കാൻ അവശേഷിക്കുന്നു<br>Written By: Kavya Krishnan (Auditor, On 27-05-2022)<br>Last Updated By: Snigdha S (Deputy Director, On 17-06-2022) | 1-13 |
| 14 | എല്ലാ വ്യാപാര സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തിയില്ല<br>Written By: Kavya Krishnan (Auditor, On 27-05-2022)<br>Last Updated By: Johncy John (Computer Assistant, On 14-06-2022) | 1-14 |
| 15 | വാടക പൂർണ്ണമായി ഈടാക്കിയില്ല<br>Written By: Kavya Krishnan (Auditor, On 28-05-2022)<br>Last Updated By: Snigdha S (Deputy Director, On 17-06-2022) | 1-15 |
| 16 | ഇ- ടെണ്ടർ ഫീസ് 3.5 ലക്ഷം തിരികെ ലഭിച്ചില്ല<br>Written By: N Pradeep Kumar (Audit Officer (HG), On 29-05-2022)<br>Last Updated By: Snigdha S (Deputy Director, On 17-06-2022) | 1-16 |
| 17 | ടെണ്ടർ നടപടികളിൽ ക്രമക്കേട് - മരാമത്ത് പ്രവൃത്തിയ്ക്ക് അധിക പ്രതിഫലം | 1-17 |

| | | |
|---|---|---|
| | നൽകി<br>Written By: N Pradeep Kumar (Audit Officer (HG), On 28-05-2022)<br>Last Updated By: Johncy John (Computer Assistant, On 14-06-2022) | |
| 18 | ഗ്യാസ് ക്രിമിറ്റോറിയം - കരാറുകാരൻ പ്രവൃത്തി ഉപേക്ഷിച്ചു - സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നല്കി<br>Written By: N Pradeep Kumar (Audit Officer (HG), On 28-05-2022)<br>Last Updated By: Johncy John (Computer Assistant, On 14-06-2022) | 1-18 |
| 19 | മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ- പദ്ധതിനിർവഹണം സുതാര്യമല്ല<br>Written By: Deepa S (Asst. Audit Officer, On 27-05-2022)<br>Last Updated By: Johncy John (Computer Assistant, On 14-06-2022) | 1-19 |
| 20 | മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (എസ്.സി.പി, റ്റി.എസ്.പി) - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ<br>Written By: N Pradeep Kumar (Audit Officer (HG), On 28-05-2022)<br>Last Updated By: Snigdha S (Deputy Director, On 17-06-2022) | 1-20 |
| 21 | അനുപൂരകപോഷകാഹാര പദ്ധതി - സ്റ്റോക്ക്, വിതരണ രേഖകൾ ഹാജരാക്കിയില്ല<br>Written By: Deepa S (Asst. Audit Officer, On 27-05-2022)<br>Last Updated By: Snigdha S (Deputy Director, On 17-06-2022) | 1-21 |
| 22 | ശബരിമല ഇടത്താവള വികസനഫണ്ട് -ചെലവഴിക്കാതെ അവശേഷിക്കുന്നു<br>Written By: Deepa S (Asst. Audit Officer, On 27-05-2022)<br>Last Updated By: Snigdha S (Deputy Director, On 17-06-2022) | 1-22 |
| 23 | ഫർണിച്ചർ വാങ്ങൽ - ബില്ലുകൾ സുതാര്യമല്ല – ജി.എസ്.റ്റി ഒടുക്കിയില്ല<br>Written By: N Pradeep Kumar (Audit Officer (HG), On 28-05-2022)<br>Last Updated By: N Pradeep Kumar (Audit Officer (HG), On 17-06-2022) | 1-23 |
| 24 | നിക്ഷേപപ്രവൃത്തികൾ പൂർത്തീകരിച്ചില്ല<br>Written By: Deepa S (Asst. Audit Officer, On 27-05-2022)<br>Last Updated By: Snigdha S (Deputy Director, On 17-06-2022) | 1-24 |
| 25 | സുഭിക്ഷകേരളംഃ തരിശുഭൂമിയിൽ കൃഷി- പദ്ധതിനിർവഹണത്തിലെ പോരായ്മകൾ<br>Written By: Deepa S (Asst. Audit Officer, On 27-05-2022)<br>Last Updated By: Snigdha S (Deputy Director, On 17-06-2022) | 1-25 |
| 26 | എസ്.എസ്. എ-യ്ക്ക് അധികം നൽകിയ തുക ക്രമീകരിച്ചിട്ടില്ല<br>Written By: Kavya Krishnan (Auditor, On 28-05-2022)<br>Last Updated By: Johncy John (Computer Assistant, On 15-06-2022) | 1-26 |
| 27 | മരാമത്ത് പ്രവൃത്തികൾ - മോണിട്ടറിംഗ് റിപ്പോർട്ട് ഇല്ല<br>Written By: N Pradeep Kumar (Audit Officer (HG), On 29-05-2022)<br>Last Updated By: Johncy John (Computer Assistant, On 15-06-2022) | 1-27 |
| 28 | ആവശ്യമായതിനേക്കാൾ അധികം തുക പിൻവലിച്ചു<br>Written By: N Pradeep Kumar (Audit Officer (HG), On 28-05-2022)<br>Last Updated By: Johncy John (Computer Assistant, On 15-06-2022) | 1-28 |
| 29 | ഗ്രാന്റുകൾ പൂർണ്ണമായി അക്കൗണ്ട് ചെയ്യുന്നില്ല.<br>Written By: Deepa S (Asst. Audit Officer, On 15-06-2022)<br>Last Updated By: Snigdha S (Deputy Director, On 17-06-2022) | 1-29 |
| 30 | സംയുക്ത പദ്ധതി അക്കൗണ്ടിൽ ഭീമമായ തുക ചെലവഴിക്കാതെ അവശേഷിക്കുന്നു<br>Written By: Deepa S (Asst. Audit Officer, On 15-06-2022)<br>Last Updated By: Snigdha S (Deputy Director, On 17-06-2022) | 1-30 |
| | ഭാഗം **2** | |
| 1 | ഗ്യാസ് ക്രിമിറ്റോറിയം – കരാറുകാരൻ പാതിവഴിയിൽ ഉപേക്ഷിച്ച പ്രവൃത്തിയുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നൽകി<br>Written By: N Pradeep Kumar (Audit Officer (HG), On 15-06-2022)<br>Last Updated By: N Pradeep Kumar (Audit Officer (HG), On 17-06-2022) | 2-1 |

| | | |
|---|---|---|
| ഭാഗം **3** | | |
| 1 | ടെണ്ടർ നടപടികളിൽ ക്രമക്കേട് - മരാമത്ത് പ്രവൃത്തിയ്ക്ക് അധിക പ്രതിഫലം നൽകി<br>Written By: N Pradeep Kumar (Audit Officer (HG), On 28-05-2022)<br>Last Updated By: Snigdha S (Deputy Director, On 17-06-2022) | 3-1 |
| 2 | അധിക തുക പിൻവലിച്ചു<br>Written By: Kavya Krishnan (Auditor, On 27-05-2022)<br>Last Updated By: Johncy John (Computer Assistant, On 15-06-2022) | 3-2 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Deepa S (Asst. Audit Officer, On 21-05-2022)<br>Last Updated By: Johncy John (Computer Assistant, On 15-06-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ<br>Written By: Deepa S (Asst. Audit Officer, On 21-05-2022)<br>Last Updated By: Johncy John (Computer Assistant, On 15-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Deepa S (Asst. Audit Officer, On 21-05-2022)<br>Last Updated By: Johncy John (Computer Assistant, On 15-06-2022) | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ്: വായ്പ ഇനത്തിൽ തൻവർഷത്തെ വരവ്<br>Written By: Deepa S (Asst. Audit Officer, On 21-05-2022)<br>Last Updated By: Snigdha S (Deputy Director, On 17-06-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Deepa S (Asst. Audit Officer, On 21-05-2022)<br>Last Updated By: Johncy John (Computer Assistant, On 15-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Deepa S (Asst. Audit Officer, On 21-05-2022)<br>Last Updated By: Johncy John (Computer Assistant, On 15-06-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Deepa S (Asst. Audit Officer, On 21-05-2022)<br>Last Updated By: Johncy John (Computer Assistant, On 15-06-2022) | 4-7 |
| 8 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Deepa S (Asst. Audit Officer, On 21-05-2022)<br>Last Updated By: Johncy John (Computer Assistant, On 15-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Deepa S (Asst. Audit Officer, On 21-05-2022)<br>Last Updated By: Snigdha S (Deputy Director, On 17-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Deepa S (Asst. Audit Officer, On 21-05-2022)<br>Last Updated By: Johncy John (Computer Assistant, On 16-06-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബഡ്ജറ്റ്

2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് 30.03.2020-ലെ 1-ാം നമ്പർ തീരുമാനപ്രകാരം കമ്മിറ്റി അംഗീകരിച്ചു. പുതുക്കിയ ബഡ്ജറ്റ് 31.05.2021 ലെ 1 -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യപത്രിക

2020-21 സാമ്പത്തികവർഷത്തെ വാർഷികധനകാര്യ പത്രിക പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) ഷെഡ്യൂൾ B3 - Code 312100101 Capital Conthution-: മുൻവർഷത്തെ തുക തന്നെയാണ് (44303280) തൻവർഷവും ഉൾപ്പെടുത്തിയിട്ടുള്ളത്. തൻവർഷം ആസ്തികൾ സൃഷ്ടിക്കുന്നതിന് ചെലവായ തുക ഉൾപ്പെടുത്തിയിട്ടില്ല.

2) ഷെഡ്യൂൾ B4 -Grant & Contributions For Specefic Purpose -: NREGA ഒഴികെയുള്ളവയുടെ നീക്കിയിരിപ്പ് തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല

3) ഷെഡ്യൂൾ B5 - Code 33050021 Secured Loans- നീക്കിയിരിപ്പ് തുക കൃത്യമല്ല.

4) ഷെഡ്യൂൾ B7- Deposits Received-വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ നീക്കിയിരിപ്പ് തുകയുടെ കൃത്യത ബോദ്ധ്യപ്പെട്ടില്ല.

5) ഷെഡ്യൂൾ B11(a) Capital Work In Progress – നീക്കിയിരിപ്പ് തുക കൃത്യമല്ല.

6) ഷെഡ്യൂൾ B18- Loans, Advances, Deposits നീക്കിയിരിപ്പ് തുക കൃത്യത ബോദ്ധ്യപ്പെടുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല.

7) ഷെഡ്യൂൾ I1, RP-43, B15- ഡിമാന്റ് രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ തൊഴിൽനികുതി, വാടക തുടങ്ങിയ പ്രധാന വരവിനങ്ങളുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

8) തൊഴിലുറപ്പ് പദ്ധതിയുടെ വരവുചെലവുകണക്കുകൾ വാർഷികധനകാര്യപത്രികയിലെ (I6) തുകയുമായി പൊരുത്തപ്പെടുന്നില്ല

9) കാർഷിക മൃഗസംരക്ഷണമേഖലയിലെ പ്രോജക്റ്റുകളുടെ ഗുണഭോക്തൃവിഹിതം ചെലവഴിച്ചതു സംബന്ധിച്ച കണക്കുകൾ സാംഖ്യ, സുലേഖ സോഫ്റ്റ്‌വെയറുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

10) ഷെഡ്യൂൾ I1, RP-43, B15 – വസ്തുനികുതി സംബന്ധിച്ച് സാംഖ്യ, സഞ്ചയ സോഫ്റ്റ്‌വെയറിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

11) ഷെഡ്യൂൾ B-11 – ആസ്തികളുടെ മൂല്യനിർണ്ണയം രേഖപ്പെടുത്തിയിരിക്കുന്നതിന്റെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല.

12) ഇലക്ട്രോണിക് വോട്ടിംഗ് മെഷീന് റോഡിതര മെയിന്റൻസ് ഗ്രാന്റിൽ നിന്ന് കുറവു ചെയ്ത 486921 രൂപ വാർഷിക ധനകാര്യപത്രികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടില്ല.

13) വികസനഫണ്ട് (SCP, TSP) മെയിന്റനൻസ് ഗ്രാന്റ് (റോഡ്, നോൺ റോഡ്) എന്നിവയുടെ 3-ാം ഗഡു തുക പ്രളയ ഫണ്ട്(ജനറൽ SCP) എന്നിവ വാർഷിക ധനകാര്യപത്രികയിൽ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 26080564 |
| വരവ് | 72233055 |
| ആകെ | 98313619 |
| ചെലവ് | 80107125 |
| നീക്കിയരിപ്പ് | 18206494 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0- | 18815000 | 18815000 | 17262687 | 1552313 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 6881335 | 6881335 | 4982433 | 1898902 |
| വികസനഫണ്ട് (ടി എസ്.പി) | 0 | 1791254 | 1791254 | 1129541 | 661713 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied | 0 | 7036889 | 7036889 | 7011711 | 25178 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-(tied) | 0 | 5220000 | 5220000 | 661120 | 4558880 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 10902000 | 10902000 | 8692505 | 2209495 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 4814000 | 4814000 | 2911835 | 1902165 |

കേന്ദ്രാവിഷ്കൃത ഫണ്ട്

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.ജി.എൻ.ആർഇ..ജി.എസ് - | 0 | 35875182 | 35875182 | 35872727 | 2455 |
| ഐ.സി.ഡി.എസ്. | 512559 | 421500 | 934059 | 179234 | 754825 |

സംസ്ഥാനാവിഷ്കൃത ഫണ്ട്

| | | | | | |
|---|---|---|---|---|---|
| ശബരിമല സ്പെഷ്യൽ ഫണ്ട് | 2900290 | 1730000 | 4630290 | 178236 | 4452054 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ

2020-21 സാമ്പത്തികവർഷത്തെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. വികസനഫണ്ടിൽ നിന്ന് ലൈഫ് മിഷൻ ലോൺ തിരിച്ചടവിന് 511961 രൂപയും അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ 1007400 രൂപയും ഉൾപ്പെടെ സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത 1519361 രൂപ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി ഉൾപ്പെടുത്തിയിട്ടില്ല.

2. വികസനഫണ്ടിൽ (എസ്.സി.പി) നിന്ന് ലൈഫ് മിഷൻ ലോൺ തിരിച്ചടവിന് സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത 43882 രൂപ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല

3. വികസനഫണ്ടിൽ (ടിഎസ്.പി) നിന്ന് ലൈഫ് മിഷൻ ലോൺ തിരിച്ചടവിന് സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത 58509 രൂപ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല

4. വികസനഫണ്ട് ജനറൽ വിഭാഗത്തിൽ പ്രളയദുരിതാശ്വാസത്തിന് ലഭിച്ച 3000000 രൂപ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

5. വികസനഫണ്ട് എസ്.സി.പി. വിഭാഗത്തിൽ പ്രളയദുരിതാശ്വാസത്തിന് ലഭിച്ച 922335 രൂപ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

6. ഇലക്ട്രോണിക്ക് വോട്ടിംഗ് മെഷീന് റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് കുറവ് ചെയ്ത 48692 രൂപ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടില്ല

7. വികസനഫണ്ട് (SCP), (TSP), മെയിന്റൻസ് ഗ്രാന്റ് (റോഡ്, നോൺ റോഡ്) എന്നിവയുടെ മൂന്നാം ഗഡു അലോട്ട്മെന്റ് തുക യഥാക്രമം 1986300/-, 587300/-, 3634000/-, 1604600/- എന്നിവ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പദ്ധതി ചെലവ് ശതമാനം |
|---|---|---|---|---|---|
| 242 | 82857062 | 177 | 43973686 | 65 | 53 |

വർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന പ്രോജക്ടുകളിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ 73% പ്രോജക്ടുകൾക്ക് മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കാൻ ലക്ഷ്യമിട്ട തുകയുടെ 53% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.ജി.എൻ.ആർ.ഇ.ജി.എസ്. -അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 1027389 | 1027389 | 1024934 | 2455 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് - തൊഴിലാളികളുടെ വേതനം | 0 | 30264753 | 30264753 | 30264753 | 0 |
| സാധനസാമഗ്രികളുടെ ചെലവ് | 0 | 4583040 | 4583040 | 4583040 | 0 |
| ആകെ | 0 | 35875182 | 35875182 | 35872727 | 2455 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് തുക |
|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 133 | 3868000 |
| 2 | വാർദ്ധക്യകാല പെൻഷൻ | 1541 | 28313300 |
| 3 | വിധവാ പെൻഷൻ | 793 | 13717600 |
| 4 | ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 241 | 4140700 |
| 5 | 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 24 | 439500 |
| 6 | തൊഴിൽ രഹിത വേതനം | 6 | 4320 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.05.2022, 12 PM-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരുപ്പ് തുകയായ 3264 (മൂവായിരത്തി ഇരുന്നൂറ്റി അറുപത്തി നാല്) രൂപയുടെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപ്പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം തൃപ്തികരമല്ല. ഫ്രണ്ട് ഓഫീസിൽ ദിവസേന കളക്ട് ചെയ്യുന്ന പണം സൂക്ഷിക്കുന്നതിന് സംവിധാനം ഇല്ല. ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ ഗുരുതരമായ പിഴവുകൾ ഉണ്ടായിട്ടുണ്ട്. വികസന ഫണ്ട് (SCP, TSP), മെയിന്റനൻസ് ഗ്രാന്റ് (റോഡ്, നോൺ റോഡ്) എന്നിവയുടെ 3-ാം ഗഡു അലോട്ട്മെന്റ് തുകകൾ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രധാന വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളിൽ വാർഷികസംക്ഷിപ്തം

രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഡിപ്പോസിറ്റ് രജിസ്റ്ററിൽ വാർഷികസംക്ഷിപ്തം രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല സാംഖ്യ, സുലേഖ സോഫ്റ്റ്‌വെയറുകളിൽ വിവിധ പദ്ധതികളുടെ ഗുണഭോക്തൃവിഹിതം ചെലവ് സംബന്ധിച്ച കണക്കുകൾ ഉൾപ്പെടുത്തുന്നില്ല. വസ്തു വാങ്ങി വർഷങ്ങൾ കഴിഞ്ഞിട്ടും ഗ്യാസ് ക്രിമിറ്റോറിയം സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. വാങ്ങലുകളുമായി ബന്ധപ്പെട്ട നടപടികൾ പർച്ചേസ് കമ്മിറ്റി ഫലപ്രദമായി നിരീക്ഷിക്കുന്നില്ല. പൊതു കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ ഭീമമായ ചെലവ് തടയുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.10.2016-05.11.2016 | 2011-12 മുതൽ 2015-16 വരെ | 03.01.2017 |
| പെർഫോമൻസ് ഓഡിറ്റ് | 26.11.2021 | 12-2020 മുതൽ 3-2021 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |

## 1-11 പണം പിരിവ് - രസീത്ബുക്കുകളുടെ വിനിയോഗം സുതാര്യമല്ല

2020-21 സാമ്പത്തിക വർഷം പണം പിരിവിനായി പഞ്ചായത്തിലെ ഉദ്യോഗസ്ഥർക്കും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്കും രസീതുബുക്കുകൾ വിതരണം ചെയ്തതിൽ സുതാര്യത പുലർത്തിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1. ആവശ്യാനുസരണമല്ലാതെ രസീത് ബുക്ക് ഇഷ്യൂ ചെയ്യുന്നു
പണം പിരിവുമായി ബന്ധപ്പെട്ട് 2020-21 വർഷം ആവശ്യാധിഷ്ഠിതമല്ലാതെ രസീത് ബുക്കുകൾ ഇഷ്യൂ ചെയ്ത് നല്കിയിട്ടുണ്ട്. ക്ലർക്കായ ശ്രീ. അനന്തു ഹരികുമാറിന് 30.06.2020 ൽ ഇഷ്യൂ ചെയ്ത 54278 നമ്പർ രസീത് ബുക്കിലെ ഒരു രസീത് പോലും ഉപയോഗിക്കാതെ കൈവശം സൂക്ഷിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിലും ടിയാൾ രസീത് ബുക്ക് പഞ്ചായത്തിൽ തിരികെ ഏൽപ്പിച്ചിട്ടില്ല. ഇതേപോലെ വെറ്റിനറി സർജന് 24.11.2020 ൽ ഇഷ്യൂ ചെയ്ത 54404, 54405 എന്നീ രസീത് ബുക്കുകളും ഒരു രസീത് പോലും ഉപയോഗിക്കാതെ കൈവശം സൂക്ഷിച്ചിട്ടുള്ളതാണ്. ഇത്തരത്തിൽ ആവശ്യകത വിലയിരുത്താതെ യഥേഷ്ടം രസീത് ബുക്കുകൾ നൽകിയത് സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (നം. 12/24.05.2022) മറുപടി ലഭ്യമാക്കിയില്ല. ടി രസീത് ബുക്കുകൾ തിരികെ വാങ്ങി സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. കാര്യാലയത്തിൽ നിന്നും ഉദ്യോഗസ്ഥർക്ക് രസീത് ബുക്കുകൾ നൽകുമ്പോൾ കൃത്യമായി സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി നൽകുന്നില്ല. ഏതാനും രസീത് ബുക്കുകളിലെ ഉപയോഗിക്കാത്ത രസീതുകൾ റദ്ദ് ചെയ്തിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| രസീത് ബുക്ക് നം. | ഉപയോഗിക്കാത്തതും റദ്ദ് ചെയ്യാത്തതുമായ രസീതുകൾ | രസീത്ബുക്ക് കൈപ്പറ്റിയ ഉദ്യോഗസ്ഥൻ |
|---|---|---|
| 18231 | 14-100 | കൃഷി ഓഫീസർ |
| 52751 | 81-100 | അസിസ്റ്റന്റ് എഞ്ചിനീയർ |
| 18226 | 5-100 | ഹെഡ് മാസ്റ്റർ |
| 47975 | 19-100 | ഓഫീസ് അറ്റൻഡന്റ് |
| 18227 | 28-100 | ക്ലർക്ക് |
| 54279 | 6-100 | ക്ലർക്ക് |

മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കേണ്ടതും ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-12 വസ്തുനികുതി കുടിശ്ശിക 24 ലക്ഷം - പിരിവിൽ ഉദാസീനത

ഗ്രാമപഞ്ചായത്തിന്റെ പ്രധാന നികുതി വരുമാനമാണ് വസ്തുനികുതി. ഈ ഇനത്തിൽ 2020-21 സാമ്പത്തിക വർഷം 2402746 രൂപ ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| Receivables For Property Tax On Residential Building (Current) | 719781 |
| Receivables For Property Tax On Residential | 30375 |

| | |
|---|---|
| Building (Arrear) | |
| Receivables For Property Tax On Non-residential Building (Current) | 690565 |
| Receivables For Property Tax Non-Residential Building (Arrear) | 962025 |
| Total | 2402746 |

ഗാർഹികേതര കെട്ടിടങ്ങളുടെ മുൻവർഷങ്ങളിലെ വസ്തുനികുതി കുടിശ്ശികയിനത്തിൽ വലിയ തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. കുടിശ്ശിക പിരിച്ചെടുക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കാതെ ഗ്രാമപ്പഞ്ചായത്ത് ഉദാസീനത പുലർത്തി വരുന്നു. പഞ്ചായത്തിന്റെ ഭരണഘടനാപരമായ ചുമതലകളും ദൈനം ദിന പ്രവർത്തനങ്ങളും നിർവ്വഹിക്കുന്നതിന് തനത് ഫണ്ട് വർദ്ധിപ്പിക്കേണ്ടത് അനിവാര്യമായതിനാൽ കുടിശ്ശിക തുക പൂർണ്ണമായി പിരിച്ചെടുക്കേണ്ടതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-13 തൊഴിൽനികുതി ഈടാക്കാൻ അവശേഷിക്കുന്നു

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽനിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. എന്നാൽ ചുവടെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1. | പോസ്റ്റ് ഓഫീസ്, കാരിക്കയം | I &II |
| 2. | പോസ്റ്റ് ഓഫീസ്, പാമ്പിനി | II |
| 3. | പോസ്റ്റ് ഓഫീസ്, വയ്യാറ്റുപുഴ | I |
| 4. | എസ് എൻ ആർട്സ് & സയൻസ് കോളേജ്, ചിറ്റാർ | I &II |
| 5. | നെടുംപറമ്പിൽ ക്രഡിറ്റ് സിൻഡിക്കേറ്റ്, ചിറ്റാർ | I &II |
| 6. | നാൻസി ഫിൻകോർപ്പ്, ചിറ്റാർ | I &II |
| 7. | ഡെൽറ്റ ഗ്രാനൈറ്റ്സ് & സാൻഡ്സ്, ചിറ്റാർ | I &II |
| 8. | പോപ്പുലർ ഫിനാൻസ്, ചിറ്റാർ | I &II |
| 9. | റേഷൻ കടകൾ | I &II |
| 10. | വയ്യാറ്റുപുഴ ക്ഷീരോല്പാദക സഹകരണ സംഘം | I &II |
| 11. | പടയണിപ്പാറ ക്ഷീരോല്പാദക സഹകരണ സംഘം | I &II |
| 12. | ചിറ്റാർ ക്ഷീരോല്പാദക സഹകരണ സംഘം | I &II |

സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

പഞ്ചായത്തിന്റെ പരിധിയിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2020-21 ലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1. | സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ,വയ്യാറ്റുപുഴ | I &II |
| 2. | കെ എസ് എഫ് ഇ, ചിറ്റാർ | II |
| 3. | മുള്ളൂട്ടിൽ ഫിനാൻസ്, ചിറ്റാർ | I &II |
| 4. | പോപ്പുലർ ഫിനാൻസ്, ചിറ്റാർ | I &II |
| 5. | നെടുംപറമ്പിൽ ക്രഡിറ്റ് സിൻഡിക്കേറ്റ്, ചിറ്റാർ | I &II |
| 6. | നാൻസി ഫിൻകോർപ്പ്, ചിറ്റാർ | I &II |
| 7. | പി ആർ ഡി കുറീസ്, ചിറ്റാർ | I &II |
| 8. | റേഷൻ കടകൾ | I &II |

| | | |
|---|---|---|
| 9. | വയ്യാറ്റുപുഴ ക്ഷീരോല്പാദക സഹകരണ സംഘം | I &II |
| 10. | പടയണിപ്പാറ ക്ഷീരോല്പാദക സഹകരണ സംഘം | I &II |
| 11. | ചിറ്റാർ ക്ഷീരോല്പാദക സഹകരണ സംഘം | I &II |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (03/20.05.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പരിഹാരനടപടികൾ സ്വീകരിച്ചശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 എല്ലാ വ്യാപാര സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തിയില്ല

2018-ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം നിലവിൽ വന്നതിനെ തുടർന്ന് പഞ്ചായത്ത് രാജ് ആക്ടിലെ 'ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും' ലൈസൻസ് നൽകലുമായി ബന്ധപ്പെട്ട 232, 233 വകുപ്പുകളിൽ വരുത്തിയ ഭേദഗതി അനുസരിച്ച് 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പേര് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്ന് മാറ്റി 31.10.2017-ലെ സ.ഉ (പി) നം. 80/2017/തസ്വഭവ പ്രകാരം ഭേദഗതി ഉത്തരവായിട്ടുണ്ട്. ആയതിനനുസരിച്ച് ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീ നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പട്ടിക രണ്ടിൽ ഇതിനായി മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ലൈസൻസ് ഫീസ് പിരിവ് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1. ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് 2020-21 സാമ്പത്തിക വർഷത്തിൽ സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിച്ചതായി കാണുന്നില്ല. അപേക്ഷകളിലോ രജിസ്റ്ററിലോ തരം ഏതാണെന്നോ പട്ടിക 2 പ്രകാരം ഫീസ് എത്രയാണെന്നോ രേഖപ്പെടുത്തിയിട്ടില്ല.

2. സ്ഥാപനങ്ങൾ സമർപ്പിക്കുന്ന ലൈസൻസ് അപേക്ഷകളിൽ മൂലധന നിക്ഷേപം കൃത്യമായി രേഖപ്പെടുത്തുന്നില്ല.

3. എല്ലാ വ്യാപാര സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നില്ല.

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം, പഞ്ചായത്ത് പരിധിയിൽ 1067 കെട്ടിടങ്ങൾ വിവിധ വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുണ്ട്. എന്നാൽ 151 വ്യാപാര സ്ഥാപനങ്ങൾക്ക് മാത്രമാണ് പഞ്ചായത്ത് തൻവർഷം ലൈസൻസ് നൽകിയിട്ടുള്ളത്. പ്രസ്തുത കണക്കുകളിൽ നിന്നും ധാരാളം വാണിജ്യ-വ്യവസായങ്ങൾ പഞ്ചായത്തിന്റെ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാണ്.ഗ്രാമപഞ്ചായത്തിൽ നിന്നും വ്യവസായ/വാണിജ്യ വിനിയോഗങ്ങൾക്കു കെട്ടിട നമ്പർ നൽകിയിട്ടുള്ള പല കെട്ടിടങ്ങളിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്നു ഉറപ്പാക്കുന്നില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.15/25-05-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസിന്റെ പരിധിയിൽ എല്ലാ വ്യാപാരസ്ഥാപനങ്ങളും വരുന്നുണ്ടോയെന്ന് ഉറപ്പാക്കുന്നതിന് എല്ലാ വർഷവും പുതിയ വ്യാപാരസ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കേണ്ടതും അതനുസരിച്ച് അവയെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതുമാണ്.

## 1-15 വാടക പൂർണ്ണമായി ഈടാക്കിയില്ല

2020-21 വർഷം കടമുറി വാടക കുടിശ്ശികയായി 19,327 രൂപ ഈടാക്കാനുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിടത്തിന്റെ പേര് | കെട്ടിട നം. (രജിസ്റ്റർ പ്രകാരം) | വാടകക്കാരുടെ പേര് | പ്രതി മാസ വാടക (ജി.എസ്.ടി ഉൾപ്പെടെ) | കുടിശ്ശിക വരുത്തിയ കാലയളവ് | തൻവർഷം ഒടുക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | മാർക്കറ്റ് സ്റ്റാൾ/ ഷോപ്പിംങ് കോംപ്ളക്സ് | 2 | മുഹമ്മദ് സി എ, ചെറുകര | 8129 | 03/21 | 8129 |
| 2 | " | 19 | ജോബി, കല്ലുവിളയിൽ | 2018 | 12/20-03/21 | 8072 |
| 3 | " | 41 | ആസാദ്, | 6860 | 03/21 | 3126 |

| | | | | | | |
|---|---|---|---|---|---|---|
| | | | പുത്തൻ വീട് | | | |
| ആകെ | | | | | | 19,327 |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (11,24.05.2022) മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശിക പിഴപ്പലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 ഇ- ടെണ്ടർ ഫീസ് 3.5 ലക്ഷം തിരികെ ലഭിച്ചില്ല

2018-19 മുതൽ 2020-21 വരെ കാലയളവിൽ നടപ്പാക്കിയ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫീസ് ഇനത്തിൽ ജില്ലാപ്പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക നാളിതുവരെ തിരികെ ലഭിച്ചില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം | ഇ – ടെണ്ടർ ഫീ |
|---|---|---|
| 1 | 2018-19 | 153893 |
| 2 | 2019-20 | 159613 |
| 3 | 2020-21 | 41313 |
| ആകെ | | 354819 |

ടി തുക ജില്ലാപ്പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ നിന്നും തിരികെ വാങ്ങുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. 02.10.2017 ലെ ജി.ഓ(എം.എസ്) 3186/ 2017/LSGD പ്രകാരം ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ പ്രത്യേക അക്കൗണ്ട് ആരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 ടെണ്ടർ നടപടികളിൽ ക്രമക്കേട് - മരാമത്ത് പ്രവൃത്തിയ്ക്ക് അധിക പ്രതിഫലം നൽകി

ഓഡിറ്റ് വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥ ആയി നടപ്പാക്കിയ വയ്യാറ്റുപുഴ കൊച്ചുകുളങ്ങര വാലി റോഡ് ഐറിഷ് ഡ്രെയിൻ, സംരക്ഷണഭിത്തി നിർമ്മാണം എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാർ അനുവദിച്ച പരിധി അധികരിച്ച് ഉയർന്ന നിരക്ക് ക്വോട്ട് ചെയ്ത റാന്നി താലൂക്ക് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ടെണ്ടർ ക്രമവിരുദ്ധമായി അംഗീകരിച്ച് പ്രവൃത്തി ഏൽപ്പിക്കുകയുണ്ടായി.

ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത കരാറുകാരന് കരാർ ഉറപ്പിച്ച് പ്രവൃത്തി ഏൽപിക്കാതിരുന്നത് മൂലം അധികപ്രതിഫലം നൽകിയിട്ടുണ്ട്.

അധിക പ്രതിഫലം നൽകിയ 90666 രൂപ ഓഡിറ്റിൽ നിരാകരിച്ചിട്ടുള്ളതിന്റെ വിശദാംശങ്ങൾ ഖണ്ഡിക 3-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-18 ഗ്യാസ് ക്രിമിറ്റോറിയം - കരാറുകാരൻ പ്രവൃത്തി ഉപേക്ഷിച്ചു - സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നല്കി

2018 – 19 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ക്രിമിറ്റോറിയം കെട്ടിടം, വാച്ച്മാൻ ഷെഡ്, ചുറ്റുമതിൽ എന്നിവ നിർമ്മിക്കുന്നതിനായുള്ള പ്രവൃത്തിക്ക് ഇ-ടെണ്ടറിലൂടെ 04.12.2018 ൽ കരാർ ഏല്പിച്ചിരുന്നു. കരാറുകാരൻ സംരക്ഷണഭിത്തി നിർമ്മാണം മാത്രം ചെയ്ത ശേഷം പ്രവൃത്തി ഉപേക്ഷിച്ചു. എന്നാൽ പാർട്ട് ബിൽ തുക കൈപ്പറ്റിയ ശേഷം പ്രവൃത്തി ഉപേക്ഷിച്ച കരാറുകാരന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നൽകിയതുവഴി പഞ്ചായത്തു ഫണ്ടിന് വരവ് നഷ്ടം ഉണ്ടായിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾക്ക് ഖണ്ഡിക (2-1) കാണുക.

## 1-19 മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ- പദ്ധതിനിർവഹണം സുതാര്യമല്ല

2020-21 സാമ്പത്തികവർഷം സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി ഗ്രാമപ്പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. കേരള ഇലക്ട്രിക്കൽസ്&അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനം മുഖേനയാണ് പദ്ധതികൾ നടപ്പാക്കിയത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രോജക്റ്റ് നമ്പർ/പേര് | സ്പെസിഫിക്കേഷൻ | ചെലവഴിച്ച തുക | ബിൽ റഫറൻസ് നമ്പർ/ തീയതി |
|---|---|---|---|---|
| 1 | 243/2021 തേരകത്തുംമണ്ണ് പുളിമൂട്ടിൽ | 50W LED LIGHT 4 NOS -1 | 71000 | 20051152001000700665/09.11.2020 |

| | | | | |
|---|---|---|---|---|
| | കവല മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | | | |
| 2 | 244/2021, മീൻകുഴി കൈലാസം പടിയിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 70W LED LIGHT 4 NOS -1 | 84000 | 20051152001000700674/09.11.2020 |
| 3 | 163/2021, മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 70W LED LIGHT-4 NOS-4 | 336000 | 20051152001000190148/05,03.2021 |
| 4 | 23/2021, വിവിധ വാർഡുകളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 70W LED LIGHT 4 NOS-8 | 672000 | 20051152001001190150/05.03.2021 |
| 5 | 21/2021, തെരുവ് വിളക്ക് വാങ്ങി സ്ഥാപിക്കൽ | 30W LED LIGHT -80 | 200000 | 20051152001001190151/05.03.2021 |

പദ്ധതിനിർവ്വഹണം സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. മേൽ പ്രോജക്ടുകൾ പ്രകാരം മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചതു സംബന്ധിച്ച് മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് ഫയലിൽ ഇല്ല. ലൈറ്റുകളുടെ പ്രവർത്തനം സംബന്ധിച്ച് തുടർ മോണിറ്ററിംഗ് നടത്തുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

2. LED ലൈറ്റുകളുടെ വാറന്റി കാലയളവ് സംബന്ധിച്ച രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല

3. മിനി മാസ്റ്റ് ലൈറ്റുകൾ നിലവിൽ പ്രവർത്തനക്ഷമമാണോ എന്നത് സംബന്ധിച്ച് റിപ്പോർട്ടില്ല. കേടായവ റിപ്പയർ ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ചിട്ടില്ല.
4. ഇതേ വർഷം തന്നെ അസിസ്റ്റന്റ് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ എന്ന പ്രോജക്ട് പ്രകാരം ഓപ്പൺ ടെണ്ടർ ക്ഷണിച്ചതിലൂടെ താരതമ്യേന കുറഞ്ഞ നിരക്കിലാണ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ളത്.
5. GO(P) 77/2019/Fin./dt 04.07.2019 പ്രകാരം KEL എന്ന സ്ഥാപനത്തെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികളുടെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി (PMC) ആയാണ് നിയമിച്ചിട്ടുള്ളത്. ടെണ്ടർ കൂടാതെ ഇലക്ട്രിക്കൽ സാധനങ്ങൾ KEL-ൽ നിന്ന് നേരിട്ട് വാങ്ങുന്നതിന് ടി ഉത്തരവിൽ സർക്കാർ അനുമതി നൽകിയിട്ടില്ല. ഇതിനു വിരുദ്ധമായി ടെണ്ടർ നടപടികൾ ഇല്ലാതെ ടി സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങൽ നടത്തിയത് ക്രമവിരുദ്ധമാണ്.

പദ്ധതിനിർവഹണം സംബന്ധിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/2020-21/24.05.2022) മറുപടി ഹാജരാക്കിയില്ല. പദ്ധതിനിർവഹണം സംബന്ധിച്ച അപാകതകൾക്ക് ഓഡിറ്റിൽ വിശദീകരണം നൽകേണ്ടതും നടപ്പ് വർഷം മുതൽ അവ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. സ്ഥാപിക്കപ്പെട്ട മിനിമാസ്റ്റ് ലൈറ്റുകൾ എല്ലാം പ്രവർത്തിക്കുന്നുണ്ടോ എന്നത് സംബന്ധിച്ച് മോണിട്ടറിംഗ് നടത്തി വിശദാംശം ലഭ്യമാക്കേണ്ടതുമാണ്.

## 1-20 മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (എസ്.സി.പി, റ്റി.എസ്.പി) - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥ ആയി എസ്.സി.പി, റ്റി.എസ്.പി മേഖലകളിൽ നടപ്പാക്കിയ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ എന്ന പദ്ധതിയുടെ ടെണ്ടർ നടപടികൾ സുതാര്യമായിരുന്നില്ല. പദ്ധതിക്ക് മോണിട്ടറിംഗും നടന്നിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

(എ) മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (റ്റി.എസ്.പി) SO227/21

100 W LED Flood Light ഒരെണ്ണത്തിന് 10327 രൂപ എന്ന നിരക്കിൽ അനുബന്ധ സാമഗ്രികൾ ഉൾപ്പെടെ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റിനാണ് അംഗീകാരം വാങ്ങിയത്. എന്നാൽ 6 Meter 4 Inch GI Round Pole , 70 W LED Street Light – 4 Numbers In A Pole, Shallow Foundation, 2 Year Warranty, Automatic Switch എന്നീ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചതായിരുന്നു ടെണ്ടർ നോട്ടീസ്. ഇതനുസരിച്ച് 70 W LED Street Light 4 എണ്ണം 1 Pole ൽ സ്ഥാപിക്കുന്നതിന് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത മൈക്രോ സോളാർ സൊല്യൂഷൻസ്, പഴകുളത്തിന്റെ ടെണ്ടർ (39150 നിരക്കിലുള്ളത്) അംഗീകരിച്ച് സപ്ലൈ ഓർഡർ നൽകി. എന്നാൽ ടെണ്ടർ ഷെഡ്യൂളിന് വിരുദ്ധമായി എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ ചെയ്തതിനാണ് പ്രതിഫലം നൽകിയത്.

ചുവടെ പറയുംപ്രകാരം ഒരു Pole ൽ 2 LED Flood Light എന്ന ക്രമത്തിൽ മൂന്നിടത്തായി (വേളിമല, പാമ്പിനി, നീലിപ്ലാവ് എന്നീ പട്ടികവർഗ്ഗ കോളനികളിൽ) സ്ഥാപിച്ചതിന് പ്രതിഫലമായി 229465 രൂപ നൽകി (ബിൽ നമ്പർ 716105/ 10.11.2020).

| പ്രവൃത്തി ഇനം | ചെലവ് |
|---|---|
| 100 W LED Flood Light (Crompton) 6 Nos | 61962 |
| 7 Meter Length Mini Mast Pole With All Accessories 3 Nos | 167503 |
| ആകെ | 229465 |

ഒരു Pole ൽ 4 LED Flood Light വീതം സ്ഥാപിക്കാനാണ് ടെണ്ടർ ക്ഷണിച്ച് കരാർ നൽകിയത്. ആയതിന് വിരുദ്ധമായാണ് പ്രവൃത്തി നടപ്പാക്കിയത്.

(ബി) മിനി മാസ്റ്റ് സ്ഥാപിക്കൽ (എസ്.സി.പി.), SO226/21

അടങ്കൽ - 495000 (A Fund)

മൂക്കൻപാറ, കോതയാട്ടുപാറ, കൊച്ചുകുളങ്ങര വാലി നവോദയാ കോളനി, പത്തരയേക്കർ കോളനി, പടയണിപ്പാറ കോളനി എന്നീ കോളനികളിൽ പദ്ധതി പ്രകാരം ഓരോയിടത്തും 120 W LED Flood Light 2 എണ്ണം വീതം 7 Meter Octogonal Minimast Pole സഹിതം സ്ഥാപിക്കുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. എന്നാൽ എത്ര 120 W LED Flood Light ആണ് ഓരോ 7 M ഉയരമുള്ള തൂണിലും സ്ഥാപിക്കുന്നത് എന്ന് സൂചിപ്പിക്കാതെയാണ് കരാർ സ്ഥാപനം 93490 രൂപ ക്വോട്ട് ചെയ്ത് ടെണ്ടർ സമർപ്പിച്ചിരുന്നത്. പ്രവൃത്തിയിനങ്ങൾ വ്യക്തമായി രേഖപ്പെടുത്താതെ സമർപ്പിച്ച ടെണ്ടർ അംഗീകരിച്ചത് അപാകം ആണ്.

5 ഇടങ്ങളിലായി 7 Meter ഉയരമുള്ള Octogonal Minimast Pole ൽ 2 എണ്ണം വീതം 120 W LED Flood Light സ്ഥാപിച്ചതിന് ആകെ പ്രവൃത്തിമൂല്യം 397119 എന്ന് കണക്കാക്കി സ്ഥാപനത്തിന് പ്രതിഫലം നൽകി (ബിൽ നമ്പർ 716101 / 10.11.2020).

മേൽസൂചിപ്പിച്ച രണ്ട് പദ്ധതികൾ പ്രകാരം മിനി മാസ്റ്റ് ഫ്ലഡ് ലൈറ്റുകൾ ഓരോയിടത്തും എത്രയെണ്ണം സ്ഥാപിച്ചിട്ടുണ്ട് എന്നും അവ പ്രവർത്തിക്കുന്നു എന്നും മോണിട്ടർ ചെയ്തതിന്റെ റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകങ്ങൾ സംബന്ധിച്ച് 23.5.2022 ൽ 5, 6 നമ്പരുകളിലായി നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് മറുപടി ലഭിച്ചില്ല. പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് വിശദമായ മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

ടെണ്ടർ നടപടികളിലെ അപാകങ്ങൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-21 അനുപൂരകപോഷകാഹാര പദ്ധതി - സ്റ്റോക്ക്, വിതരണ രേഖകൾ ഹാജരാക്കിയില്ല

2020-21 സാമ്പത്തികവർഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണോദ്യോഗസ്ഥയായി വികസനഫണ്ട് ചെലവഴിച്ച് 23 അംഗൻവാടികൾക്ക് അനുപൂരകപോഷകാഹാര പദ്ധതിയുടെ ഭാഗമായി ഭക്ഷ്യസാധനസാമഗ്രികൾ വാങ്ങിയിട്ടുണ്ട്. പദ്ധതിച്ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | അടങ്കൽ തുക | ചെലവ് |
|---|---|---|
| 132/2020-21, അനുപൂരകപോഷകാഹാര പദ്ധതി (ജനറൽ) | 1900000 | 1400000 |
| 133/2020-21, അനുപൂരകപോഷകാഹാര പദ്ധതി(എസ് സി പി) | 200000 | 200000 |
| 134/2020-21, അനുപൂരകപോഷകാഹാര പദ്ധതി(ടിഎസ് പി) | 100000 | 100000 |

എന്നാൽ പദ്ധതിയുടെ ഭാഗമായി വാങ്ങിയിട്ടുള്ള ഭക്ഷ്യസാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഇല്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രോജക്റ്റ് നമ്പർ | സ്ഥാപനത്തിന്റെ പേര് | വാങ്ങിയ ഭക്ഷ്യസാധനങ്ങൾ | സപ്ളൈ ബിൽ തീയതി | ട്രഷറി ബിൽ തീയതി | നൽകിയ തുക |
|---|---|---|---|---|---|---|
| 1 | 132/2021 (ജനറൽ) | Dreams Food Supply | THRS | 28.01.2021 | 1/2020-21 /26.05.2020 | 244842 |
| 2 | 133/2021 (എസ്.സി.പി.) | Dreams Food Supply | THRS | 22.12.2020 | 19/2020-21 /29.03.2021 | 200000 |
| 3 | 132/2021 (ജനറൽ) | അപർണ ന്യൂട്രിമിക്സ് | അമൃതം | 10.11.2020 | 13/2020-21 /01.02.2021 | 78120 |
| 4 | 132/2021 (ജനറൽ) | അപർണ ന്യൂട്രിമിക്സ് | അമൃതം | 16.04.2020 26.06.2020 14.09.2020 | 07/2020-21 /07.10.2020 | 242795 |
| 5 | 132/2021 (ജനറൽ) | സപ്ലൈകോ | പലവ്യഞ്ജനം | 01.03.2021 | 17/2020-21 /29.03.2021 | 26233 |
| 6 | 132/2021 (ജനറൽ) | സപ്ലൈകോ | പലവ്യഞ്ജനം | 30.07.2020 | 07/2020-21 /07.10.2020 | 348485 |
| 7 | 132/2021 (ജനറൽ) | സപ്ലൈകോ | പലവ്യഞ്ജനം | 31.10.2020 30.12.2020 | കേന്ദ്രവിഹിതം 12/82149 /08.03.2021 | 176386 |
| 8 | 134/2021 (TSP) | സപ്ലൈകോ | പലവ്യഞ്ജനം | 01.03.2021 | 19/2020-21 /29.03.2021 | 100000 |
| ആകെ | | | | | | 1416861 |

ഭക്ഷ്യ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് അംഗൻവാടികൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നൽകിയതിന് (2/2020-21 Dtd 20.05.2022), 2020-21 സാമ്പത്തികവർഷത്തെ സ്റ്റോക്ക്, വിതരണ രജിസ്റ്ററുകൾ എന്നിവ കൈമാറിലഭിച്ചിട്ടില്ലാത്തതിനാലാണ് ഓഡിറ്റിന് ഹാജരാക്കുന്നതിന് കഴിയാതിരുന്നത് എന്ന് നിലവിലുള്ള ഐ.സി.ഡി.എസ് സൂപ്പർവൈസർ മറുപടി നൽകിയിട്ടുണ്ട്. ചെലവിനാധാരമായ രേഖകൾ സൂക്ഷിച്ചിട്ടില്ലാത്തത് അതീവഗുരുതരമായ കൃത്യവിലോപം ആണ്. ചെലവുരേഖകൾ ഹാജരാക്കാത്തപക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയ്ക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതായിരിക്കും. ചെലവുരേഖകളുടെ അഭാവത്തിൽ പദ്ധതിക്ക് പിൻവലിച്ച വികസനഫണ്ട് 1416861 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 ശബരിമല ഇടത്താവള വികസനഫണ്ട് -ചെലവഴിക്കാതെ അവശേഷിക്കുന്നു

ശബരിമല തീർത്ഥാടകർക്ക് ഇടത്താവളങ്ങളിൽ അടിസ്ഥാനസൗകര്യം ഒരുക്കുന്നതിന് സർക്കാരിൽ നിന്നും അനുവദിച്ച തുകയിൽ 6135462 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| വർഷം | ലഭിച്ച തുക | ചെലവഴിച്ച തുക | അവശേഷിക്കുന്ന തുക |
|---|---|---|---|
| 2017-18 | 1500000 | 0 | 1500000 |
| 2018-19 | 1500000 | 1219714 | 280286 |
| 2019-20 | 1500000 | 379996 | 1120004 |
| 2020-21 | 1730000 | 178236 | 1551764 |
| 2021-22 | 1730000 | 46592 | 1683408 |
| ആകെ | 7960000 | 1824538 | 6135462 |

ശബരിമല ഇടത്താവള വികസനത്തിന് ലഭിച്ച ഫണ്ടിൽ 6135462 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നതിന്റെ സാഹചര്യം വ്യക്തമാക്കുന്നത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/21 Dtd 24.05.22) മറുപടി ഹാജരാക്കിയില്ല. വർഷം തോറും സർക്കാർ ഫണ്ട് അനുവദിക്കുന്നുണ്ടെങ്കിലും ചെലവഴിക്കുന്ന തുക വളരെ കുറവാണ്. നിലവിൽ പ്രസ്തുത ഫണ്ടിന്റെ ആവശ്യകത ഇല്ലായെങ്കിൽ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യകതയുടെ

അടിസ്ഥാനത്തിൽ മാത്രം ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-23 ഫർണിച്ചർ വാങ്ങൽ - ബില്ലുകൾ സുതാര്യമല്ല – ജി.എസ്.റ്റി ഒടുക്കിയില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥ ആയി നടപ്പാക്കിയ ചുവടെ പറയുന്ന പദ്ധതികൾ പ്രകാരം പഠനോപകരണങ്ങൾ, കട്ടിൽ എന്നിവ വാങ്ങിയതുമായി ബന്ധപ്പെട്ട ബില്ലുകൾ സുതാര്യമായിരുന്നില്ല. ബില്ലുകളിൽ ജി.എസ്.റ്റി ഉൾപ്പെടുത്തിയിരുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1. പഠനോപകരണ വിതരണം (എസ് സി പി) , SO136/21

അടങ്കൽ - 200000 (വികസനഫണ്ട്)

സോണാ ഇൻഡസ്ട്രീസ്, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, കൊച്ചാലുമ്മൂട് പി.ഒ, മാവേലിക്കര എന്ന സ്ഥാപനത്തിൽ നിന്നും ഓപ്പൺ ടെണ്ടർ മുഖേന 35 എണ്ണം വീതം സ്റ്റീൽ മേശ, സ്റ്റീൽ കസേര എന്നിവ വാങ്ങി വിതരണം ചെയ്തു. (സ്ഥാപനത്തിന്റെ ക്യാഷ് ബിൽ നമ്പർ 24/ 19.3.2021). SGST, CGST എന്നിവ ബില്ലിൽ പ്രത്യേകം കണക്കാക്കിയിട്ടില്ല. ടാക്സ് ഇൻവോയ്സ് E-way Bill എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ജി.എസ്.റ്റി ഉൾപ്പെടെ ആകെ 104265 രൂപയാണ് സ്ഥാപനത്തിന് നൽകിയിട്ടുള്ളത്. ( ബിൽ റഫറൻസ് നമ്പർ 1326004/ 23.3.2021 104265 രൂപ).

2. വയോജനങ്ങൾക്ക് കട്ടിൽ (റ്റി.എസ്.പി)

പദ്ധതി പ്രകാരം പ്ലാസാ എന്റർപ്രൈസസ്, കലഞ്ഞൂർ എന്ന സ്ഥാപനത്തിൽ നിന്ന് ഓപ്പൺ ടെണ്ടർ മുഖേന 41 കട്ടിൽ വാങ്ങി വിതരണം ചെയ്തതിന് 131200 രൂപ ചെലവഴിച്ചിട്ടുണ്ട് (ബിൽ നമ്പർ 267317/ 17.6.2020). സ്ഥാപനം ഹാജരാക്കിയ ബില്ലുകളിൽ ജി.എസ്.റ്റി ഉൾപ്പെടുത്തിയിട്ടില്ല. E-way Bill ലും CGST, SGST, IGST എന്നിവ 0 ആയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ടി ഇടപാടുകളിലുള്ള ജി.എസ്.റ്റി കരാർ സ്ഥാപനം ഒടുക്കിയിട്ടുണ്ടോ എന്ന് ജി.എസ്.റ്റി വകുപ്പ് മുഖേന അന്വേഷിക്കുന്നതിന് ഭരണതലനടപടികൾക്കായി ശുപാർശ ചെയ്യുന്നു.

## 1-24 നിക്ഷേപപ്രവൃത്തികൾ പൂർത്തീകരിച്ചില്ല

2020-21 സാമ്പത്തികവർഷം സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്ത് വികസനഫണ്ട് വിനിയോഗിച്ച് നിക്ഷേപ പദ്ധതികൾക്കായി വിവിധ ഏജൻസികളിൽ തുക ഡിപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ചെലവിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പദ്ധതിയുടെ പേര് | ബിൽ റഫറൻസ് നം./ചെക്ക് നം., തീയതി | ഡെപ്പോസിറ്റ് തുക | ബാക്കി |
|---|---|---|---|---|
| വാട്ടർ അതോറിറ്റി | 252/21ജലജീവൻമിഷൻപദ്ധതി-ഗാർഹിക കണക്ഷൻ | 20051152001000696512/06.11.2020 | 477681 | 477681 |
| കേരള ഇലക്ട്രിസിറ്റി ബോർഡ് | 207/21, വിവിധ വാർഡുകളിൽ ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ | 20051152001000330377/25.05.2020 | 987690 | 987690 |

പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. അവ പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങളുമായി ചേർന്ന് തുടർനടപടികൾ സ്വീകരിക്കേണ്ടതും പ്രവൃത്തികൾ പൂർത്തീകരിച്ച ശേഷം വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതുമാണ്.

## 1-25 സുഭിക്ഷകേരളം: തരിശുഭൂമിയിൽ കൃഷി- പദ്ധതിനിർവഹണത്തിലെ പോരായ്മകൾ

2020-21 സാമ്പത്തികവർഷം കൃഷി ഓഫീസർ നിർവഹണോദ്യോഗസ്ഥയായി സുഭിക്ഷകേരളം പദ്ധയിയിലുൾപ്പെടുത്തി തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിന് പദ്ധതി (221/21) ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അടങ്കൽ | ചെലവ് |
|---|---|---|
| വികസനഫണ്ട് | 150000 | 9600 |
| ബ്ളോക്ക് പഞ്ചായത്ത് വിഹിതം | 200000 | 9600 |
| ഗുണഭോക്തൃവിഹിതം | 1009470 | 0 |
| ആകെ | 1359470 | 19200 |

29.05.2020 ലെ സ.ഉ(സാധാ) നമ്പർ 1009/2020 /ത.സ്വ.ഭ.വ ഉത്തരവനുസരിച്ച് തരിശുഭൂമിയിൽ പച്ചക്കറിക്കൃഷി ചെയ്യുന്നതിന് 1 ഹെക്ടറിന് പരമാവധി 40,000 രൂപ വരെ സബ്സിഡി ഇനത്തിൽ നൽകാവുന്നതാണ്. പദ്ധതിയുടെ ഭാഗമായി രണ്ട് ഗുണഭോക്താക്കളുടെ 80 സെന്റ് തരിശുഭൂമിയിൽ പച്ചക്കറിക്കൃഷി ചെയ്യുന്നതിന് ആവശ്യമായ സ്ഥലം ഒരുക്കുന്നതിനുള്ള കൂലിച്ചെലവ്, ജൈവവളം എന്നിവയ്ക്കുള്ള സബ്സിഡി ഇനത്തിൽ 19200 രൂപ ചെലവഴിക്കുകയാണുണ്ടായത്. ആവശ്യത്തിന് ഫണ്ട് ലഭ്യമായിരുന്നിട്ടും പച്ചക്കറി വിത്ത്/തൈകൾ വിതരണം ചെയ്യാതെ കൂലിച്ചെലവ്, വളം എന്നിവയ്ക്ക് മാത്രമായി പ്രോജക്ട് പരിമിതപ്പെടുത്തിയത് ഫലപ്രദമല്ല എന്ന് വിലയിരുത്തുന്നു. പദ്ധതിയുടെ ഫലപ്രാപ്തി സംബന്ധിച്ച് മോണിറ്ററിംഗ് നടത്തിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കാർഷികമേഖലയിൽ തരിശുഭൂമിയിൽ കൃഷി നടപ്പാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ കൂലിച്ചെലവ്, വളം എന്നിവയ്ക്കൊപ്പം വിളയുടെ വിത്ത്/തൈകൾ കൂടി വിതരണം ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-26 എസ്.എസ്. എ-യ്ക്ക് അധികം നൽകിയ തുക ക്രമീകരിച്ചിട്ടില്ല

ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി എസ്.എസ്.എ. വിഹിതം നൽകുന്നതിന് ജനറൽ, എസ്.സി.പി., റ്റി.എസ്.പി. വിഭാഗങ്ങളിൽപ്പെടുത്തി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ വിവരം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ബിൽ നം.,തീയതി |
|---|---|---|---|
| എസ്.എസ്.എ. വിഹിതം നൽകൽ(ജനറൽ), 107/21 | 250000 | 250000 | 93,16.09.2020 |
| എസ്.എസ്.എ. വിഹിതം നൽകൽ(എസ്.സി.പി.), 113/21 | 200000 | 200000 | 94,16.09.2020 |
| എസ്.എസ്.എ. വിഹിതം നൽകൽ(റ്റി.എസ്.പി.), 114/21 | 100000 | 100000 | 95,16.09.2021 |
| ആകെ | 550000 | 550000 | |

2020-21 വർഷം 550000 രൂപ എസ്.എസ്.എ. ജില്ലാ പ്രോജക്ട് ഓഫീസറുടെ 1982101019851 നമ്പർ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകിയിട്ടുണ്ട്. നൽകിയ തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് പ്രോജക്ട് ഓഫീസറിൽ നിന്ന് ലഭ്യമാക്കിയിട്ടുണ്ട്. ആകെ പദ്ധതിച്ചെലവിന്റെ 40% ആണ് പദ്ധതിവിഹിതം ആയി ഗ്രാമപഞ്ചായത്ത് നൽകേണ്ടത്. എന്നാൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ബ്ലോക്ക് റിസോഴ്സ് സെന്റർ കോ-ഓർഡിനേറ്ററിൽ നിന്നും പദ്ധതി സംബന്ധിച്ച് ലഭ്യമാക്കിയ 2020-21 ലെ എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ പദ്ധതിച്ചെലവിന്റെ 40% ൽ അധികരിച്ച് ഗ്രാമപഞ്ചായത്ത് വിഹിതം നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | അടങ്കൽ തുക | ബി.ആർ.സിയിൽ നിന്നുള്ള എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ പദ്ധതിച്ചെലവ് | ഗ്രാമപഞ്ചായത്ത് നല്കേണ്ട വിഹിതം(40%) | നൽകിയ വിഹിതം | അധികരിച്ച് നൽകിയത് |
|---|---|---|---|---|---|
| 2019-20 | 750000 | 1168142 | 467259 | 750000 | 282741 |
| 2020-21 | 550000 | 766941 | 306776 | 550000 | 243224 |

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 15, 25.05.2022) മറുപടി ലഭ്യമാക്കിയില്ല. മേൽസൂചിപ്പിച്ചപ്രകാരം എസ്.എസ്.എ പദ്ധതിവിഹിതം ഇനത്തിൽ അധികരിച്ച് നൽകിയ തുക നടപ്പ് വർഷം മുതൽ ഗ്രാമപഞ്ചായത്ത് നൽകേണ്ട വിഹിതത്തിൽ നിന്ന് കുറവ് ചെയ്ത് ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-27 മരാമത്ത് പ്രവൃത്തികൾ - മോണിട്ടറിംഗ് റിപ്പോർട്ട് ഇല്ല

കേരള പൊതുമരാമത്ത് മാനവൽ സെക്ഷൻ 2113 പ്രകാരം പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലിൽ നിശ്ചിത മാതൃകയിലുള്ള പൂർത്തീകരണ സർട്ടിഫിക്കറ്റ് സൂക്ഷിക്കേണ്ടതാണ്. പണി തൃപ്തികരമായി പൂർത്തിയാക്കിയതായി സാക്ഷ്യപ്പെടുത്തിക്കൊണ്ട് മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് ആണ് ഫയലിൽ ഉൾപ്പെടുത്തേണ്ടത്. എന്നാൽ ഓഡിറ്റ് വർഷം നടപ്പാക്കിയ ഒരു മരാമത്ത് പ്രവൃത്തിയ്ക്കും ഇപ്രകാരം മോണിട്ടറിംഗ് സമിതി റിപ്പോർട്ട് വാങ്ങി സൂക്ഷിച്ചിട്ടില്ല. പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങിയ ബോർഡ് കൂടി ഓരോ പ്രവൃത്തിയുടെയും ഭാഗമായി സ്ഥാപിക്കേണ്ടതാണ് എന്ന് 21.6.2018 ൽ ഇ20/ 6699/സി.ഇ/ത.സ്വ.ഭ.വ. ആയുള്ള സർക്കുലറിലെ നിർദ്ദേശവും പാലിച്ചിട്ടില്ല. നടപ്പ് വർഷം മുതൽ അപാകങ്ങൾ പരിഹരിച്ചുകൊണ്ട് പ്രവൃത്തി നിർവ്വഹണം നടത്തുന്നതിലേക്ക്

ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-28 ആവശ്യമായതിനേക്കാൾ അധികം തുക പിൻവലിച്ചു

കാര്യാലയ വാഹനത്തിന്റെ ഡീസൽ,പെട്രോൾ ചെലവ് ഇനത്തിൽ യഥാർത്ഥ ചെലവിനേക്കാൾ 3000 രൂപ അധികമായി പിൻവലിച്ചു. വിശദാംശം ഖണ്ഡിക 3-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-29 ഗ്രാന്റുകൾ പൂർണ്ണമായി അക്കൗണ്ട് ചെയ്യുന്നില്ല.

2020-21 സാമ്പത്തിക വർഷം ലഭിച്ച ഗ്രാന്റുകൾ പൂർണ്ണമായി വരവിൽ ഉൾപ്പെടുത്തിയിട്ടില്ല. വികസനഫണ്ട് (എസ്.സിപി., ടി.എസ്.പി.), മെയിന്റനൻസ് ഗ്രാന്റ് (റോഡ്, നോൺ റോഡ്) എന്നിവയുടെ മൂന്നാം ഗഡു അലോട്ട്മെന്റ് തുകയാണ് ഇത്തരത്തിൽ അക്കൗണ്ടിംഗിലെ പിഴവ് മൂലം വരവ് കണക്കിൽ ഉൾപ്പെടാതിരുന്നത്. കൂടാതെ 2020-21 വർഷം പ്രളയഫണ്ടായി ലഭിച്ച വികസന ഫണ്ടും (ജനറൽ, എസ്.സി.പി.) വരവിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് നമ്പർ | ലഭിച്ചതും വരവ് കണക്കിൽ ഉൾപ്പെടുത്താത്തതുമായ തുക |
|---|---|---|
| വികസന ഫണ്ട് എസ്.സി.പി | GO(RT)43/Fin. തീയതിഃ 01.01.2021 | 1986300 |
| വികസന ഫണ്ട് ടി.എസ്.പി | GO(RT)43/Fin. തീയതിഃ 01.01.2021 | 587300 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | GO(RT)12/2021/Fin. തീയതിഃ 01.01.2021 | 3634000 |
| മെയിന്റനൻസ് ഗ്രാന്റ് റോഡിതരം | GO(RT)12/2021/Fin. തീയതിഃ 01.01.2021 | 1604600 |
| പ്രളയ ഫണ്ട് വികസനഫണ്ട് (ജനറൽ) | GO(സാധാ.) നമ്പർ 604/2021/Fin. തീയതിഃ 19.02.2021 | 3000000 |
| വികസന ഫണ്ട് (എസ്.സി.പി) | | 922335 |

മേൽ ഗ്രാന്റുകൾ വരവിലെടുക്കാതിരുന്നത് അക്കൗണ്ടിംഗിലുണ്ടായ ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. അക്കൗണ്ടിംഗിലുണ്ടായ അപാകത പരിഹരിക്കുന്നതിനും ഇപ്രകാരമുള്ള പിഴവുകൾ ആവർത്തിക്കാതിരിക്കുന്നതിനും അധികൃതരുടെ ശ്രദ്ധ ഉണ്ടാവേണ്ടതുണ്ട്.

## 1-30 സംയുക്ത പദ്ധതി അക്കൗണ്ടിൽ ഭീമമായ തുക ചെലവഴിക്കാതെ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ സംയുക്ത പദ്ധതി അക്കൗണ്ടിൽ 10821743 രൂപ ഓഡിറ്റ് തീയതിയിലും ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. 2017-18 കാലയളവിൽ ഗ്യാസ് ക്രിമിറ്റോറിയം നിർമ്മാണത്തിനായി ലഭിച്ച 404200 രൂപയും ഇതിൽ ഉൾപ്പെടുന്നുണ്ട്. സംയുക്ത പദ്ധതിയ്ക്ക് തുക പിൻവലിക്കുന്നത് സംബന്ധിച്ച Go(p) No. 7/17 Fin. തീയതി 23.01.2017 നമ്പർ മാർഗ്ഗരേഖപ്രകാരം സംയുക്ത പദ്ധതിയ്ക്കായി ലഭിച്ച തുക പൂർണ്ണമായി ചെലവഴിക്കുവാൻ സാധിക്കുകയില്ല എന്ന് വരുന്ന പക്ഷം അവശേഷിക്കുന്ന തുക ഫെബ്രുവരി 28 ന മുൻപ് അനുവദിച്ച സ്ഥാപനത്തിലേക്ക് തിരികെ നൽകേണ്ടതും മാർച്ച് 31 ന മുൻപ് ചെലവഴിക്കാത്ത തുക സർക്കാരിലേക്ക് തിരികെ ഒടുക്കണമെന്നുമാണ്. ഈ നിബന്ധന പാലിക്കപ്പെട്ടിട്ടില്ല. സംയുക്ത പദ്ധതി അക്കൗണ്ടിൽ അവശേഷിക്കുന്ന തുക പദ്ധതി നിർവ്വഹണത്തിനായി ചെലവഴിക്കുകയോ അല്ലാത്തപക്ഷം സർക്കാരിലേക്ക് തിരികെ ഒടുക്കുകയോ ചെയ്യേണ്ടതാണ്.

# ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ഗ്യാസ് ക്രിമിറ്റോറിയം – കരാറുകാരൻ പാതിവഴിയിൽ ഉപേക്ഷിച്ച പ്രവൃത്തിയുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നൽകി

പൊതുശ്മശാനത്തിനായി ചിറ്റാർ-സീതത്തോട് വില്ലേജിൽ സർവ്വേ നമ്പർ 968/46 ൽപ്പെട്ട 18.62 ആർ സ്ഥലം ബഹു.ജില്ലാകളക്ടറുടെ 20.4.2010 ലെ ബി4- 23649/10 നമ്പർ അനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിലയ്ക്ക് വാങ്ങിയിരുന്നു. എന്നാൽ ഏത് വർഷമാണ് വസ്തു വാങ്ങിയത് എന്നതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കിയില്ല. നിർദ്ദിഷ്ട സ്ഥലത്തിന്റെ 350 M പരിധിയിൽ ജനങ്ങൾ താമസിക്കുന്ന വീടുകളോ പൊതു/ സ്വകാര്യ സ്ഥാപനങ്ങളോ ജലസ്രോതസ്സുകളോ ഇല്ല എന്നും അതിനാൽ പൊതുശ്മശാനത്തിന് സ്ഥലം അനുയോജ്യമാണ് എന്നുള്ള 30.3.2010 ലെ ജില്ലാമെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം ലഭ്യമാക്കിയിരുന്നു.

2017-18 ൽ പൊതുശ്മശാന നിർമ്മാണത്തിന് 6142000 രൂപ അടങ്കൽ വകയിരുത്തി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതി അംഗീകാരം വാങ്ങിയിരുന്നു (SO185/18, പഞ്ചായത്ത് വികസന ഫണ്ട് 100000, ജില്ലാപ്പഞ്ചായത്ത് വിഹിതം 4542000, ബ്ലോക്ക് പഞ്ചായത്ത് വിഹിതം 1500000) . ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഇനത്തിൽ 10 ലക്ഷം രൂപ 2017-18 ലും ജില്ലാപ്പഞ്ചായത്ത് വിഹിതം ഇനത്തിൽ 3042000 രൂപ 2018-19 ലും പദ്ധതിക്കായി ലഭിച്ചു. ആധുനിക ഗ്യാസ് ക്രിമിറ്റോറിയനിർമ്മാണത്തിനായി 2017-18 ൽ 6142000 രൂപ അടങ്കലുള്ള എസ്റ്റിമേറ്റ് അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കി 22.3.2018 ൽ ശുചിത്വമിഷന്റെ സാങ്കേതികാനുമതി വാങ്ങി.

2018-19 ലെ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി 26.10.2018 ൽ ക്രിമറ്റോറിയം കെട്ടിടം, വാച്ച്മാൻ ഷെഡ്. ചുറ്റമതിൽ എന്നിവ നിർമ്മിക്കുന്നതിനായുള്ള പ്രവൃത്തിയ്ക്ക് ഇ-ടെണ്ടർ ക്ഷണിച്ചു. കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ നൂറുദ്ദീൻ പി.ജെ എന്ന കരാറുകാരന്റെ 3068758 രൂപയുടെ ടെണ്ടർ അംഗീകരിച്ച് 4.12.2018 ൽ കരാറുകാരനുമായി എഗ്രിമെന്റിൽ ഏർപ്പെട്ടു. 1.3.2019 ൽ സ്ഥലം കരാറുകാരന് കൈമാറി. വാങ്ങിയ വസ്തുവിന് സംരക്ഷണഭിത്തി നിർമ്മിച്ചതിന്റെ അളവുകൾ 18.3.2019 ൽ രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ചെയ്ത പ്രവൃത്തിയുടെ മൂല്യം 152955 രൂപയെന്ന് കണക്കാക്കുകയും 25.3.2019 ൽ കരാറുകാരന് പാർട്ട് ബിൽ തുക നൽകുകയും ചെയ്തിട്ടുണ്ട് (റ്റി.എസ്.ബി ചെക്ക് നമ്പർ 6112993/ 26.3.2019 149131 രൂപ).

പ്രവൃത്തിയുടെ സെക്യൂരിറ്റി ഡെപ്പോസിറ്റായി റ്റി.എസ്.ബി സ്ഥിരനിക്ഷേപം ഇനത്തിൽ 76750 രൂപ, ബാങ്ക് സ്ഥിര നിക്ഷേപം 76750 രൂപ എന്നിങ്ങനെ ആകെ 153500 രൂപ വാങ്ങിയിരുന്നു. ആയത് 25.6.2020 ൽ തിരികെ നൽകി. സംരക്ഷണഭിത്തി നിർമ്മാണം നടത്തിയശേഷം നാളിതുവരെ ബാക്കി പ്രവൃത്തികൾ ചെയ്യാതെ കരാറുകാരൻ പ്രവൃത്തി ഉപേക്ഷിച്ച നിലയിലാണ്എന്ന് ഫയലിൽ നിന്ന് വ്യക്തമാണ്. പ്രവൃത്തി നിർവ്വഹണത്തിന് സാങ്കേതികമായ തടസ്സങ്ങൾ ഉണ്ടായിരുന്നു എന്ന് വ്യക്തമാക്കുന്ന യാതൊരു രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രവൃത്തി ഉപേക്ഷിച്ച കരാറുകാരനെതിരെ നിയമപരമായ യാതൊരു തുടർനടപടികളും നിർവ്വഹണ ഉദ്യോഗസ്ഥ സ്വീകരിച്ചിട്ടില്ല. മാത്രമല്ല, സെക്യൂരിറ്റി ഡെപ്പോസിറ്റ് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാതെ തിരികെ നൽകിയത് ക്രമവിരുദ്ധമായ നടപടിയാണ്. പ്രവൃത്തി ഉപേക്ഷിക്കപ്പെട്ട വിവരം പഞ്ചായത്ത് കമ്മിറ്റിയെ അറിയിച്ചതായോ പഞ്ചായത്ത് കമ്മിറ്റി ഇത് സംബന്ധിച്ച് തീരുമാനം എടുത്തതായോ ഉള്ള രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഈ വിഷയം സംബന്ധിച്ച് 26.5.2022 ൽ 16-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

തദ്ദേശഭരണ സ്ഥാപനങ്ങളിൽ എൽ.പി.ജി ഇന്ധനം ഉപയോഗിക്കുന്ന ആധുനിക വാതക ശ്മശാനം സ്ഥാപിക്കലും പരിപാലനവും നടത്തുന്നതിന് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.12.2019 ലെ 2241/ഡി1/2019 നമ്പർ ഉത്തരവ് പ്രകാരം സേവനദാതാക്കളെ അംഗീകരിച്ചിട്ടുണ്ട്. ടി സേവനദാതാക്കളുടെ സേവനം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രയോജനപ്പെടുത്താവുന്നതാണെന്നും ടെണ്ടർ നടപടികളിലൂടെ പ്രവൃത്തി ഏൽപിക്കാവുന്നതാണ് എന്നും 25.01.2020 ലെ DB5/7507/11/CE/LSGD നമ്പർ സർക്കുലറിലൂടെ തദ്ദേശഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള സേവനദാതാക്കളിൽ നിന്നായിരുന്നു പഞ്ചായത്ത് ഇ-ടെണ്ടർ ക്ഷണിക്കേണ്ടിയിരുന്നത്. അതിന് വിരുദ്ധമായി, ഓപ്പൺ ടെണ്ടറിലൂടെ ക്ഷമതയില്ലാത്ത ഒരു കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ച നിർവ്വഹണോദ്യോഗസ്ഥയുടെ നടപടി ഗുരുതരമായ കൃത്യവിലോപം ആണ്. പ്രവൃത്തി ആരംഭിച്ച ശേഷം പാതിവഴിയിൽ ഉപേക്ഷിച്ചുപോയ കരാറുകാരന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിലുള്ള 153500 രൂപ അസിസ്റ്റന്റ് എഞ്ചിനീയർ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടിയിരുന്നു. അതിന് വിരുദ്ധമായി ടി സെക്യൂരിറ്റി ഡെപ്പോസിറ്റ് 25.06.2020 ൽ അസിസ്റ്റന്റ് എഞ്ചിനീയർ തിരികെ നൽകിയത് ക്രമവിരുദ്ധവും ഗുരുതരമായ കൃത്യവിലോപവും ആണ്. സെക്യൂരിറ്റി ഡെപ്പോസിറ്റ് മുതൽക്കൂട്ടാഞ്ഞത് വഴി പഞ്ചായത്ത് ഫണ്ടിനുണ്ടായ വരവ് നഷ്ടം 153500 രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

പദ്ധതി പാതിവഴിയിൽ ഉപേക്ഷിച്ചതിന്റെ സാഹചര്യം സംബന്ധിച്ച് ഭരണതലത്തിൽ വിശദമായ അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിച്ചശേഷം ഓഡിറ്റിന് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. വസ്തു വാങ്ങുകയും സംയുക്തപദ്ധതിവിഹിതം ലഭ്യമാക്കുകയും ചെയ്ത് വർഷങ്ങൾ കഴിഞ്ഞിട്ടും ഗ്യാസ് ക്രിമറ്റോറിയം നിർമ്മിക്കുന്നതിനുള്ള തുടർനടപടികൾ നടപ്പാക്കാൻ കഴിയാത്തത് ഗുരുതരമായ അപാകം ആണ്. ഈ വിഷയത്തിൽ ഭരണതലത്തിലുള്ള സത്വരനടപടിക്കായി ശുപാർശ ചെയ്യുന്നു.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ടെണ്ടർ നടപടികളിൽ ക്രമക്കേട് - മരാമത്ത് പ്രവൃത്തിയ്ക്ക് അധിക പ്രതിഫലം നൽകി

ഓഡിറ്റ് വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥ ആയി വയ്യാറ്റുപുഴ കൊച്ചുകുളങ്ങര വാലി റോഡ് ഐറിഷ് ഡ്രെയിൻ, സംരക്ഷണഭിത്തി നിർമ്മാണം എന്ന പദ്ധതി അംഗീകാരം വാങ്ങി നിർവ്വഹിച്ചിരുന്നു (S261/21 അടങ്കൽ - 770000 ).

47 മീറ്റർ നീളത്തിൽ സംരക്ഷണഭിത്തി, 157 M നീളത്തിൽ ഐറിഷ് ഡ്രെയിൻ എന്നിവ നിർമ്മിക്കുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. 10.12.2019 ലെ ഇ-ടെണ്ടറിൽ രണ്ട് ടെണ്ടറുകൾ ആണ് സമർപ്പിക്കപ്പെട്ടത്. അവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| കരാറുകാരന്റെ പേര് | ക്വോട്ട് ചെയ്ത തുക (ജി.എസ്.റ്റി കോമ്പൻസേഷൻ ഉൾപ്പെടാതെ) | ടെണ്ടർ വ്യതിയാനത്തിന്റെ വിവരം |
|---|---|---|
| പ്രസിഡന്റ്, റാന്നി താലൂക്ക് ലേബർ കോൺട്രാക്റ്റ് സൊസൈറ്റി | 658662 | 5.06 % കുറവ് |
| ശ്രീ. ജസ്റ്റിൻ വർഗീസ് | 568613 | 18.04 % കുറവ് |

ജി.ഒ(ആർ.റ്റി) 2780/2017/എൽ.എസ്.ജി.ഡി തീയതി 11.8.2017, ജി.ഓ(ആർ.റ്റി) 542/2018 തീയതി 24.2.2018 എന്നിവ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിൽ പങ്കെടുത്ത് ക്വോട്ട് ചെയ്യുന്നതിൽ, ഏറ്റവും കുറഞ്ഞ നിരക്കിൽ ഉള്ള ടെണ്ടറിനേക്കാൾ 10% വരെ ഉയർന്ന നിരക്കിൽ ക്വോട്ട് ചെയ്യുന്ന ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റിവ് സൊസൈറ്റിയുടെ ടെണ്ടർ അംഗീകരിച്ച് കരാർ ഏൽപിക്കാവുന്നതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ അനുവദിച്ച പരിധി അധികരിച്ച് ഉയർന്ന നിരക്ക് ക്വോട്ട് ചെയ്ത റാന്നി താലൂക്ക് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റിവ് സൊസൈറ്റിയുടെ ടെണ്ടർ ക്രമവിരുദ്ധമായി അംഗീകരിച്ച് പ്രവൃത്തി ഏൽപ്പിക്കുകയാണുണ്ടായത്. 28.9.2020 ൽ പൂർത്തീകരിച്ച പ്രവൃത്തിയുടെ മൂല്യം 658663 രൂപ എന്ന് കണക്കാക്കിയതിന്റെ അടിസ്ഥാനത്തിൽ ടി തുകയോടൊപ്പം ജി.എസ്.റ്റി കോമ്പൻസേഷൻ കൂടി ചേർത്തും നികുതികൾ കുറവ് ചെയ്തും 704769 രൂപ കരാറുകാരന് നൽകി ( BRN 724833 / 11.11.2020 437703 രൂപ, BRN 724830 / 11.11.2020 300000 രൂപ). ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത ശ്രീ ജസ്റ്റിൻ വർഗീസിന് കരാർ ഉറപ്പിച്ച് പ്രവൃത്തി ഏൽപിക്കാതിരുന്നത് മൂലം അധികപ്രതിഫലം നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതിഫലം നൽകിയതിന്റെ വിവരം | കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ സ്വീകരിച്ചിരുന്നുവെങ്കിൽ നൽകേണ്ടിയിരുന്ന പ്രതിഫലം | അധികം നൽകിയത് |
|---|---|---|---|
| ആകെ പ്രവൃത്തിമൂല്യം | 658663 | 568613 | |
| (+)ജി.എസ്.റ്റി കോമ്പൻസേഷൻ 12 % | 79040 | 68234 | |
| ആകെ | 737703 | 636847 | 90666 |
| (-) ആദായനികുതി | 13173 | 5686 | |
| (-) | 6587 | 5686 | |

| | | |
|---|---|---|
| നിർമ്മാണത്തൊഴിലാളി ക്ഷേമനിധി | | |
| (-)SGST | 6587 | 5686 |
| (-)CGST | 6587 | 5686 |
| കരാറുകാരന് നൽകിയ തുക | 704769 | 614103 |

അപാകങ്ങളിന്മേൽ 24.5.2022 ൽ 7-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഉയർന്ന ടെണ്ടർ അംഗീകരിക്കുന്നതിനെ വിയോജിച്ചുകൊണ്ട് അഭിപ്രായങ്ങൾ ഒന്നുംതന്നെ നിർവ്വഹണ ഉദ്യോഗസ്ഥ ആയ അസിസ്റ്റന്റ് എഞ്ചിനീയർ പഞ്ചായത്ത് കമ്മിറ്റിയെ അറിയിച്ചിട്ടില്ല. മാത്രമല്ല, ശ്രീ ജസ്റ്റിൻ തോമസും റാന്നി ലേബർ കോൺട്രാക്ട് സൊസൈറ്റിയും ക്വോട്ട് ചെയ്ത നിരക്കുകൾ തമ്മിൽ 10 % ലേറെ വ്യത്യാസം ഉള്ളതായും സർക്കാർ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യത്തിന് ലേബർ കോൺട്രാക്ട് സൊസൈറ്റിയ്ക്ക് അർഹതയില്ലായെന്നും നിർവ്വഹണ ഉദ്യോഗസ്ഥ പഞ്ചായത്ത് ഭരണസമിതിയെ അറിയിക്കാതിരുന്നത് അസിസ്റ്റന്റ് എഞ്ചിനീയറുടെ ഭാഗത്ത് നിന്നുമുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. അധികമായി നൽകിയ പ്രതിഫലം 90666 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക കരാർ സ്ഥാപനത്തിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്.

## 3-2 അധിക തുക പിൻവലിച്ചു

കാര്യാലയ വാഹനത്തിന്റെ ഡീസൽ, പെട്രോൾ ചെലവ് ഇനത്തിൽ യഥാർത്ഥ ചെലവിനേക്കാൾ 3000 രൂപ അധികമായി പിൻവലിച്ചു. വിശദാംശം ചുവടെ ചേർക്കുന്നു.

| ബാങ്ക് ബുക്ക് പ്രകാരം രേഖപ്പെടുത്തിയ ചെലവ് (തനത് അക്കൗണ്ട് KGB) | | | | | പാസ്സ്ബുക്ക് പ്രകാരം പിൻവലിച്ച തുക | | | |
|---|---|---|---|---|---|---|---|---|
| ക്രമ. നം. | വൗച്ചർ നമ്പർ/ തീയതി | ചെലവിനം | ചെക്ക് നമ്പർ, തീയതി | തുക | തീയതി | ചെലവിനം | തുക | അധികം പിൻവലിച്ചത് |
| 1 | 22000315, 20-08-2020 | ഡീസൽ, പെട്രോൾ ചെലവ് | 31299, 20-08-2020 | 36369 | 25-08-2020 | വെള്ളത്തറയിൽ ഫ്യൂവൽസിന് നൽകിയത് | 39369 | 3000 |

സ്ഥാപനത്തിന്റെ 36369 രൂപയുടെ ക്യാഷ് ബിൽ ആണ് വൗച്ചറിനൊപ്പം സൂക്ഷിച്ചിട്ടുള്ളത്. എന്നാൽ ബാങ്കിൽ നിന്നും 39369 രൂപ പിൻവലിച്ചിട്ടുണ്ട്.

തുക അധികം പിൻവലിച്ചത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 12/24.05.2022)ന് മറുപടി ലഭ്യമാക്കിയില്ല. അധികം പിൻവലിച്ച തുക ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയിൽ നിന്ന് ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

\

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 9600 | 221/21, സുഭിക്ഷകേരളം-തരിശുഭൂമിയിൽ കൃഷി | 9600 | 0 |
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 399000 | 94/21, സമഗ്ര ഇടവിളക്കൃഷി | 399000 | |
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 100000 | 130/21, ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 56835 | 178/21, പാലിയേറ്റീവ് കെയർ പദ്ധതി | 56835 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 337500 | 197/21, ഇടവിളകൃഷി(ജനറൽ) | 337500 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 300000 | 90/21, സമഗ്രവാഴകൃഷി | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 100000 | 130/21, ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 100000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾ

| നിർവ്വഹണ ഏജൻസി | പദ്ധതിയുടെ പേര് | ബിൽ നം./ചെക്ക് നം., തീ. | ഡെപ്പോസിറ്റ് തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| കേരള ഇലക്ട്രിസിറ്റി ബോർഡ് | 22/21, വിവിധ വാർഡുകളിൽ ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ | 20051152001001355939/25.03.2020 | 499795 | 499795 | 0 |
| കേരള ഇലക്ട്രിസിറ്റി ബോർഡ് | 207/21, വിവിധ വാർഡുകളിൽ ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ | 20051152001000330377/25.05.2020 | 987690 | 0 | 987690 |
| കേരള വാട്ടർ അതോറിറ്റി | 252/2021 ജലജീവൻ മിഷൻ പദ്ധതി | 20051152001000696512/6.11.2020 | 477681 | 0 | 477681 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പാതിരിച്ചടവ്: വായ്പ ഇനത്തിൽ തൻവർഷത്തെ വരവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 8192392 | 7574744 | 614352 | 0 | 6960392 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2011-12 – 2012-13 | 3-17 | 2014-15 | 4.1.14 | ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ നിഷ്ക്രിയം. മാലിന്യങ്ങൾ കുമിഞ്ഞു കൂടുന്നു. | പരാമർശം നിലനിൽക്കുന്നു. |
| 2011-12 – 2012-13 | 3-14(iii) | 2014-15 | 4.1.5 | വ്യവസായ കേന്ദ്രങ്ങൾ കെട്ടിട നിർമ്മാണത്തിൽ മാത്രം ഒതുങ്ങുന്നു. | പരാമർശം നിലനിൽക്കുന്നു. |
| 2011-12 – 2012-13 | 3-14 (I) | 2014-15 | 4.1.6 | അടഞ്ഞ് കിടക്കുന്ന കെട്ടിടങ്ങൾ | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 98313619 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 80107125 |
| വരവിനങ്ങളിലുള്ള നഷ്ടം | 153500 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 93666 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1416861 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 153500 | | ശ്രീമതി അനിതകുമാരി. എം.റ്റി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-1 | | 90666 | ശ്രീമതി അനിതകുമാരി. എം.റ്റി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 3000 | ശ്രീ ബാലചന്ദ്രൻ ഡി, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 836122<br>580739 | ശ്രീമതി പ്രസന്ന പി.എം, ഐ.സി.ഡി.എസ്. സൂപ്പർവൈസർ<br>ശ്രീമതി നിഷ ആനി ജോസഫ്, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ആകെ | 1416861 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | ഔദ്യോഗിക മേൽവിലാസം | |
|---|---|---|
| ശ്രീ. ബാലചന്ദ്രൻ ഡി, സെക്രട്ടറി | വിരമിച്ചു | ആനന്ദ വിലാസം, ഐരക്കുഴി പി.ഒ, ചിതറ, കൊല്ലം ജില്ല |
| ശ്രീമതി പ്രസന്ന പി.എം, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. മല്ലപ്പള്ളി | ഉന്നത്താനിൽ തൈപ്പറമ്പിൽ, വാളക്കുഴി (PO), വെണ്ണിക്കുളം(via), പത്തനംതിട്ട -659844 |
| ശ്രീമതി നിഷ ആനി ജോസഫ്, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. വടശ്ശേരിക്കര | വൈദ്യൻപറമ്പിൽ കൊന്നക്കോട്ട്, കോമല്ലൂർ PO, ചാരുംമൂട്, ആലപ്പുഴ |
| ശ്രീമതി അനിതകുമാരി. എം.റ്റി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, റാന്നി – പെരുനാട് ഗ്രാമപഞ്ചായത്ത് | “സൗപർണ്ണിക” ആനന്ദപ്പള്ളി (പി.ഒ), അടൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1996-97 | എൽ.എഫ്.പിറ്റിഎ.പി.3/8/2000 തീയതി 06.07.2000 | 3 |
| 1997-98 | എൽ.എഫ്.പിറ്റിഎ.പി4/974/07 തീയതി 13.06.2008 | 2 |
| 1998-99 | എൽ.എഫ്.പിറ്റിഎ.പി.3/975/07 തീയതി 13.06.08 | 2 |
| 1999-00 (വരവ്) | എൽ.എഫ്.പിറ്റിഎ.പി.3/976/07 തീയതി 10.07.08 | 1 |
| 1999-00 (ചെലവ്) | എൽ.എഫ്.പിറ്റിഎ.പി.3/37/02 തീയതി 31.05.02 | 16 |
| 2000-01 (വരവ്) | എൽ.എഫ്.പിറ്റിഎ.പി.4/977/07 തീയതി 10.07.08 | 1 |
| 2000-01 (ചെലവ്) | എൽ.എഫ്.പിറ്റിഎ.പി.4/384/03 തീയതി 16.12.2003 | 7 |
| 2001-02 (ഡി.സി.ബി) | എൽ.എഫ്.പിറ്റിഎ.പി.4/978/07 തീയതി10.7.2008 | 5 |
| 2001-02 (ജ.ആ.) | എൽ.എഫ്.പിറ്റിഎ.പി.4/523/04 തീയതി 06.01.2005 | 8 |
| 2001-02 (ചെലവ്) | എൽ.എഫ്.പിറ്റിഎ.പി.4/576/06 തീയതി 15.10.2006 | 5 |
| 2002-03 | എൽ.എഫ്.പിറ്റിഎ.പി.4/113/08 തീയതി 04.11.2008 | 13 |
| 2003-04 | എൽ.എഫ്.പിറ്റിഎ.പി5/705/08 തീയതി 12.05.2009 | 26 |
| 2004-05 | എൽ.എഫ്.പിറ്റിഎ.പി5/744/08 തീയതി 31.07.2009 | 31 |

| | | |
|---|---|---|
| 2005-06 | എൽ.എഫ്.പിറ്റിഎ.പി.8/840/11<br>തീയതി 07.12.2011 | 12 |
| 2006-07 | എൽ.എഫ്.പിറ്റിഎ.പി.8/841/11<br>തീയതി 07.12.2011 | 7 |
| 2007-08 മുതൽ<br>2010-11 വരെ | എൽ.എഫ്.പിറ്റിഎ.പി.6/420/11<br>തീയതി 12.03.2013 | 19 |
| 2011-12 മുതൽ<br>2012-13 വരെ | എൽ.എഫ്.പിറ്റിഎ. പി6/779/14<br>തീയതി 20.11.2014 | 13 |
| 2013-14 മുതൽ<br>2014-15 വരെ | കെ.എസ്.എ.പിറ്റിഎ.പി12/183/16<br>തീയതി 23.03.2016 | 10 |
| 2015-16 | കെ.എസ്.എ.പിറ്റിഎ.പി12/1284A/16<br>തീയതി 03.12.2016 | 25 |
| 2016-17 | കെ.എസ്.എ.പിറ്റിഎ.പി3/1094/17<br>തീയതി 10.10.2017 | 40 |
| 2017-18 | കെ.എസ്.എ.പിറ്റിഎ.പി13/133/2019<br>തീയതി 06.3.2019 | 43 |
| 2018-19 | കെ.എസ്.എ.പിറ്റിഎ.പി13/731/19<br>തീയതി 16.9.2019 | 46 |
| 2019-2020 | കെ.എസ്.എ.പിറ്റിഎ.പി4/307/22<br>തീയതി 15.03.2022 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ ചിറ്റാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ ചിറ്റാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്